പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1482

30.01.2018-ൽ മറുപടിക്ക്

## മത്സ്യഫെഡ് വഴിയുള്ള മണ്ണെണ്ണ വിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. മുകേഷ് | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന സർക്കാർ പൊതുമേഖല എണ്ണക്കമ്പനികളുമായി ചേർന്ന് മത്സ്യഫെഡ് വഴി സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ: | (എ) | മത്സ്യഫെഡ് വഴി സബ്സിഡി നിരക്കിൽ 9 തീരദേശ ജില്ലകളിലായി 13 ബങ്കുകളിലൂടെ മത്സ്യബന്ധനത്തിന് വെള്ള മണ്ണെണ്ണ മത്സ്യ ത്തൊഴിലാളികൾക്ക് വിതരണം ചെയ്തു വരുന്നുണ്ട്. 2015 ൽ ഫിഷറീസ് വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, മത്സ്യഫെഡ് എന്നീ മൂന്ന് വിഭാഗവും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ സാധുവായ 20329 പേരുടെ അർഹതാ പട്ടിക പ്രസിദ്ധീകരിക്കുകയും അതിൽ ഇതുവരെ 17388 എഞ്ചിനുകൾക്ക് മത്സ്യഫെഡ് മണ്ണെണ്ണ പെർമിറ്റ് കാർഡ് നൽകിയിട്ടുള്ളതുമാകുന്നു. ഈ മണ്ണെണ്ണ കാർഡ് ഉപയോഗിച്ച് 2017-18 സാമ്പത്തിക വർഷം 10418.92 കിലോ ലിറ്റർ മണ്ണെണ്ണയ്ക്ക് 26.06 കോടി രൂപയും സെപ്റ്റംബർ 2017 വരെ സബ്സിഡിയായി നൽകിയിട്ടുണ്ട്. എഞ്ചിൻ 10 എച്ച്.പി വരെ 140 ലിറ്ററും 10 എച്ച്.പി ക്ക് മുകളിൽ 15 വരെ 150 ലിറ്ററും 15 എച്ച്.പി ക്ക് മുകളിൽ 190 ലിറ്റർ എന്ന കണക്കിൽ പ്രതിമാസം മണ്ണെണ്ണ വിതരണം ചെയ്ത് ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. |
| (ബി) | പ്രസ്തുത പദ്ധതി കൂടുതൽ വ്യാപകമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ സഹായധനം ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തുമോ? | (ബി) | ഇതുവരെയും കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമാക്കിയിട്ടില്ല. ഈ ആവശ്യത്തിലേയ്ക്ക് വിവിധ തലത്തിൽ ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ